പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2723 28-10-2026-ൽ മറുപടിയ്ക്ക്

കാണത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പുതുക്കാട് മണ്ഡലത്തിൽ പുതുക്കാട്, പറപ്പൂക്കര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയിൽ നിർമ്മിക്കുന്ന കാണത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്ന് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

മറുപടി: പറപ്പൂക്കര പഞ്ചായത്തിനെയും പുതുക്കാട് പഞ്ചായത്തിനെയും ബന്ധിപ്പിച്ച് കുറുമാലിപ്പുഴയ്ക്ക് കുറുകെ നിർമ്മാണം പുരോഗമിക്കുന്ന കാണത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തികൾ നിലവിൽ അന്തിമഘട്ടത്തിലാണ്. ഇതുവരെ ഏകദേശം 93% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 7% പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്.പ്രധാന ഘടകമായ റെഗുലേറ്ററിന്റെ നിർമാണം 2025 ഏപ്രിലിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഓപ്പറേറ്റർ കം ജനറേറ്റർ റൂമിന്റെ ഫിനിഷിംഗ് വർക്കുകളും ഇരുകരകളിലുമുള്ള അപ്രോച്ച് റോഡുകളുടെ WMM മുതലുള്ള പ്രവൃത്തികളും മാത്രമാണ് പൂർത്തീകരിക്കാനുള്ളത്.

എന്നാൽ,കരാറുകാരനായ പി.ജി.സി.സി.ക്ക് ഈ പ്രവർത്തി കൂടാതെ, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട അധിക ഇനങ്ങളുടെ നിരക്ക് നിർണയത്തിൽ വ്യക്തത ലഭിക്കേണ്ടതുണ്ടെന്നും ഇതുസംബന്ധിച്ച് കിഫ്ബിയിൽനിന്ന് വ്യക്തത തേടിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കിഫ്ബിയുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് കരാറുകാരൻ അറിയിച്ചിട്ടുള്ളത്.

അതേസമയം, കാണത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കരാറുകാരന് ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ